# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3847** **09-10-2025 - ൽ മറുപടിയ്ക്ക്**

## കെ. എസ്. ആർ. ടി. സി. യുടെ ബജറ്റ് ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുന്ന കെ. എസ്. ആർ. ടി. സി. യുടെ ബജറ്റ് ടൂറിസം പദ്ധതിയുടെ വിവരങ്ങൾ വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി നടപ്പാക്കി വരുന്നത്.<br><br>• തിരുവനന്തപുരം, എറണാകുളം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് സർവീസുകൾ ആരംഭിച്ചു. ഡബിൾ ഡെക്കർ യാത്രകൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചു.<br>• വിവാഹം, തീർഥാടനയാത്രകൾ തുടങ്ങിയ സ്വകാര്യ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി ബസുകൾ പ്രൈവറ്റ് ഹയർ / ചാർട്ടേർഡ് വ്യവസ്ഥയിൽ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നുണ്ട്. നിലവിൽ ലഭ്യമായ സ്പെയർ ബസുകൾ ഉപയോഗപ്പെടുത്തിയും, ഒഴിവാക്കുന്ന ഡെഡ് ട്രിപ്പുകളുടെ സമയത്ത് വരുമാന ലഭ്യത ഉറപ്പ് വരുത്തികൊണ്ട് ഓപ്പറേറ്റ് ചെയ്തും അധിക വരുമാനത്തോടൊപ്പം പൊതുജനങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾ നിറവേറ്റാനും സാധിക്കുന്നു.<br>• ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അന്തർ സംസ്ഥാന കരാറുകൾ നിലവിൽ വരുന്ന മുറയ്ക്ക് സർവീസ് ആരംഭിക്കുന്നതാണ്.<br>• IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.<br>• "കെ.എസ് ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന പദ്ധതിയും സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയും അന്തിമ രൂപം നൽകി വരുന്നു.<br>• വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കുമായി "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/ റെസ്റ്റോറന്റ് ശൃംഖലകൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | ഏതൊക്കെ ഡിപ്പോകളിലാണ് പ്രസ്തുത ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ കേരളത്തിലെ 87 ഡിപ്പോകളിൽ ബഡ്ജറ്റ് ടൂറിസം സെല്ലുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.<br><br>ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്വകാര്യ ടൂർ യാത്രകൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി കെ. എസ്. ആർ. ടി. സി. ബസ് അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>വിവാഹം, തീർഥാടനയാത്രകൾ തുടങ്ങിയ സ്വകാര്യ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ബസുകൾ പ്രൈവറ്റ് ഹയർ / ചാർട്ടേർഡ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകുന്നുണ്ട്. നിലവിൽ ലഭ്യമായ സ്പെയർ ബസുകൾ ഉപയോഗപ്പെടുത്തിയും, ഒഴിവാക്കുന്ന ഡെഡ് ട്രിപ്പുകളുടെ സമയത്ത് വരുമാന ലഭ്യത ഉറപ്പ് വരുത്തികൊണ്ട് ഓപ്പറേറ്റ് ചെയ്യും അധിക വരുമാനത്തോടൊപ്പം പൊതുജനങ്ങളുടെ സ്വകാര്യ ആവശ്യങ്ങൾ നിറവേറ്റാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം:

കെ. എസ്. ആർ. ടി. സി ബഡ്ജറ്റ് ടൂറിസം നടത്തിവരുന്ന യൂണിറ്റുകളുടെ ലിസ്റ്റ്.

ബി പിരിവ്)

| Sl No | Name of Unit |
|---|---|
| 1 | ADOOR |
| 2 | ALAPPUZHA |
| 3 | ALUVA |
| 4 | ANGAMALI |
| 5 | ARYANAD |
| 6 | ARYANKAVU |
| 7 | ATTINGAL |
| 8 | CHADAYAMANGALAM |
| 9 | CHALAKKUDY |
| 10 | CHANGANASSERY |
| 11 | CHATHANOOR |
| 12 | CHENGANOOR |
| 13 | CHERTHALA |
| 14 | CHITTOOR |
| 15 | EDATHUVA |
| 16 | ERATTUPETTA |
| 17 | ERNAKULAM |
| 18 | ERUMELI |
| 19 | GURUVAYOOR |
| 20 | HARIPPAD |
| 21 | IRINJALAKKUDA |
| 22 | KALPETTA |
| 23 | KANHANGAD |
| 24 | KANIYAPURAM |
| 25 | KANNUR |
| 26 | KARUNAGAPPALLY |
| 27 | KASARGOD |
| 28 | KATTAKKADA |
| 29 | KATTAPPANA |
| 30 | KAYAMKULAM |
| 31 | KILIMANOOR |
| 32 | KODUNGALLUR |
| 33 | KOLLAM |
| 34 | KOOTHATTUKULAM |
| 35 | KOTHAMANGALAM |
| 36 | KOTTARAKKARA |
| 37 | KOTTAYAM |
| 38 | KOZHIKODE |
| 39 | KULATHUPUZHA |
| 40 | KUMILY |
| 41 | MALA |
| 42 | MALAPPURAM |
| 43 | MALLAPPALLY |
| 44 | MANANTHAVADY |
| 45 | MANNARCAUD |
| 46 | MAVELIKKARA |
| 47 | MOOLAMATTOM |
| 48 | MUNNAR |
| 49 | MUVATTUPUZHA |
| 50 | NEDUMANGAD |

| | |
|---|---|
| 51 | NEYYATTINKARA |
| 52 | NILAMBUR |
| 53 | NORTH PARAVOOR |
| 54 | PALA |
| 55 | PALAKKAD |
| 56 | PALODE |
| 57 | PANDALAM |
| 58 | PAPPANAMCODE |
| 59 | PARASSALA |
| 60 | PATHANAMTHITTA |
| 61 | PATHANAPURAM |
| 62 | PAYYANOOR |
| 63 | PERINTHALMANNA |
| 64 | PEROORKADA |
| 65 | PERUMBAVOOR |
| 66 | PIRAVOM |
| 67 | PONNANI |
| 68 | POOVAR |
| 69 | PUNALUR |
| 70 | PUTHUKKAD |
| 71 | SULTHAN BATHERY |
| 72 | THALASSERY |
| 73 | THAMARASSERY |
| 74 | THIRUVALLA |
| 75 | THODUPUZHA |
| 76 | THOTTILPALAM |
| 77 | THRISSUR |
| 78 | TRIVANDRUM CENTRAL |
| 79 | TRIVANDRUM CITY |
| 80 | VADAKKENCHERRY |
| 81 | VAIKOM |
| 82 | VELLANAD |
| 83 | VELLARADA |
| 84 | VENJARAMOODU |
| 85 | VIKAS BHAVAN |
| 86 | VITHURA |
| 87 | VIZHINJAM |

ചീഫ് ട്രാഫിക് മാനേജർ (ബി.ടി.സി)